"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഗവൺമെൻറ് സെക്രട്ടേറിയറ്റ് - കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആഭ്യന്തര വകുപ്പ് മന്ത്രി ഉപയോഗിച്ചിരുന്ന ഓഫീസ് അടിയന്തര സാഹചര്യത്തിൽ കേരള സിഡ്കോ മുഖേന നവീകരിച്ച നടപടി സാധൂകരിച്ചും തുക നൽകുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

പൊതു ഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകുപ്പ്

സ.ഉ.(സാധാ) നം.**1102/2020**/പൊ.ഭ.വ തീയതി,തിരുവനന്തപുരം, 10/03/2020

പരാമർശം:- 1 സ.ഉ. (സാധാ) നം. 1192/2014/പൊ.ഭ.വ. തീയതി 07/02/2014.
2 സ.ഉ. (സാധാ) നം. 2174/2016/പൊ.ഭ.വ. തീയതി 31/03/2016.
3 സ.ഉ. (സാധാ) നം. 3074/2016/പൊ.ഭ.വ. തീയതി 13/05/2016

## ഉത്തരവ്

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആഭ്യന്തര വകുപ്പ് മന്ത്രി ഉപയോഗിച്ചിരുന്ന ഓഫീസ് (റൂം നമ്പർ 130, രണ്ടാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്) നവീകരിച്ചയിനത്തിലുള്ള തുക ലഭിക്കുന്നതിന് മെ. കേരള സിഡ്കോ സെയിൽസ് & പ്രോജക്റ്റ് ഡിവിഷൻ മാനേജർ താഴെ വിവരിച്ച പ്രകാരം ഇൻവോയ്സുകൾ സമർപ്പിച്ചിരുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പരും തീയതിയും | തുക (രൂപയിൽ) |
|---|---|---|
| 1 | S001/2016-2017, 02/04/2016 | 29,12,897/- |
| 2 | P001/2016-2017, 02/04/2017 | 20,85,907/- |
| | | ആകെ 49,98,804/- |

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആഭ്യന്തര വകുപ്പ് മന്ത്രി ഉപയോഗിച്ചിരുന്ന ഓഫീസ് (റൂം നമ്പർ 130, രണ്ടാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്) അടിയന്തര സാഹചര്യത്തിൽ കേരള സിഡ്കോ മുഖേന നവീകരിച്ച നടപടി സാധൂകരിച്ചും അതിന്റെ ആകെ തുകയായ 49,98,804/- (നാല്പത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എണ്ണൂറ്റി നാല് മാത്രം) രൂപ മെ. കേരള സിഡ്കോ സെയിൽസ് & പ്രോജക്റ്റ് ഡിവിഷൻ മാനേജർ -ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(3) ഈയിനത്തിലുള്ള ചെലവ് "2013-00-800-99 Council of Ministers" എന്ന കണക്കിനത്തിൽ നിന്നും വഹിക്കുന്നതിനും തുക മാറി താഴെ പറയും പ്രകാരമുള്ള കുറവുകൾ വരുത്തി വിതരണം ചെയ്യുന്നതിനും പൊതു ഭരണ (അക്കൗണ്ട്സ്-എ) വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(എ) ആദായനികുതി റ്റി. ഡി. എസ്. ഇനത്തിൽ 99,976/- (തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയാറ് മാത്രം) രൂപ ഈടാക്കി 8658-00-112-99-00-NV എന്ന കണക്കിനത്തിൽ അടയ്ക്കേണ്ടതാണ്.

(ബി) കേരള ബിൽഡിങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സിനത്തിൽ 49,988/- (നാല്പത്തൊൻപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് മാത്രം) രൂപ ഈടാക്കി 34597246248 (IFSC SBIN0000941) നമ്പർ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

(സി) 48,48,840/-- (നാൽപത്തിയെട്ട് ലക്ഷത്തി നാൽപത്തിയെട്ടായിരത്തി എണ്ണൂറ്റി നാൽപത് മാത്രം) രൂപ മെ.കേരള സിഡ്കോ സെയിൽസ് & പ്രോജക്റ്റ് ഡിവിഷൻ മാനേജർ (മൊബൈൽ നം 90611957772) -ടെ പേരിലുള്ള 67144082653 (IFS CODE SBIN0070263) നമ്പർ ബാങ്ക് അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹണി.പി.
ജോയിന്റ് സെക്രട്ടറി

മാനേജർ, മെ. കേരള സിഡ്കോ സെയിൽസ് & പ്രോജക്റ്റ് ഡിവിഷൻ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ് ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

പൊതു ഭരണ (അതീവ രഹസ്യം) വകുപ്പ്

(ഇനം 8516 തീയതി 25/02/2016, ഇനം 3658 തീയതി 07/01/2020 പ്രകാരം)

പൊതു ഭരണ (അക്കൗണ്ട്സ് -എ) വകുപ്പ്

ധന (വ്യയം - എ) വകുപ്പ് (EXP-A3/136/2016-FIN തീയതി 22/10/2019 പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-01-2020

ഇനം നം: 3656

ഫയൽ നം. എച്ച്.കെ.സി.ബി3/168/2019/പൊ.ഭ.വ.

163) വിഷയം : പൊതുഭരണ വകുപ്പ് - ശ്രീ. ഉമ്മൻചാണ്ടി മന്ത്രിസഭയിലെ ആഭ്യന്തര വകുപ്പ് മന്ത്രി ഉപയോഗിച്ചിരുന്ന ഓഫീസ് നവീകരിച്ച ഇനത്തിൽ ചെലവായ 55,00,000/- രൂപ സിഡ്കോയ്ക്ക് അനുവദിച്ചുകൊണ്ടു കഴിഞ്ഞ സർക്കാരിന്റെ 25.02.2016 തീയതിയിലെ 8516 നമ്പർ മന്ത്രിസഭാ യോഗ തീരുമാനം റദ്ദു ചെയ്യുന്നത്.

164) തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ മന്ത്രിസഭായോഗം പരിഗണിച്ചു. ഓഫീസ് നവീകരിച്ച ഇനത്തിൽ ചെലവായ തുക സിഡ്കോയ്ക്ക് അനുവദിയ്ക്കു ന്നതിന് 25.02.2016-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനമെ ടുത്തതിനാലും നിർമ്മാണപ്രവർത്തികൾ പൂർത്തീകരിച്ച സാഹചര്യ ത്തിലും പ്രസ്തുത തുക സിഡ്കോയ്ക്ക് നൽകുന്നതിന് തീരുമാനി ത്തിലും ... നിർമ്മാണ പ്രവർത്തികളിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

കേരള സർക്കാർ

പിണറായി വിജയൻ മന്ത്രിസഭ

മന്ത്രിസഭാ യോഗത്തിനുള്ള കറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | എച്ച്.കെ.സി.ബി3/168/2019/പൊ.ഭ.വ |
| 2 | വകുപ്പ് | പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകു[illegible] |
| 3 | വിഷയം | ശ്രീ. ഉമ്മൻചാണ്ടി മന്ത്രിസഭയിലെ ആഭ്യന്തര [illegible] മന്ത്രി ഉപയോഗിച്ചിരുന്ന ഓഫീസ് [illegible] ഇനത്തിൽ ചെലവായ ₹ 55,00,000/- സാധൂകര[illegible] അനുവദിച്ചുകൊണ്ടുള്ള കഴിഞ്ഞ സർക്കാരിന്റെ 25/02/2016 തീയതിയിലെ 8516 നമ്പർ മന്ത്രി സഭായോഗ തീരുമാനം റദ്ദുചെയ്യുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി: | 25/12/2019 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗ ത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചി ച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. ഹണി.പി |
| 8 | കറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 02/12/2019 |
| 10 | കറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07/12/2019 |
| 12 | കറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25/12/2019 |
| 14 | കറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 03/01/2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

ശ്രീ. ഉമ്മൻചാണ്ടി മന്ത്രിസഭയിലെ ആഭ്യന്തര വകുപ്പ് മന്ത്രി ഉപയോഗിച്ചിരുന്ന ഓഫീസ് നവീകരിച്ച ഇനത്തിൽ ചെലവായ 55,00,000/- (അൻപത്തി അഞ്ച് ലക്ഷം രൂപ) സിഡ്കോയ്ക്ക് അനുവദിച്ചുകൊണ്ടുള്ള കഴിഞ്ഞ സർക്കാരിന്റെ 25/02/2016 തീയതിയിലെ 8516 നമ്പർ മന്ത്രി സഭായോഗ തീരുമാനം റദ്ദുചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

2) സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്ക് രണ്ടാം നിലയിലെ മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫിസ് (ഇപ്പോൾ ധനവകുപ്പ് മന്ത്രിയുടെ ഓഫീസ്), പൊതുഭരണ വകുപ്പിന്റെ അനുമതി കൂടാതെ സിഡ്കോ മുഖേന നവീകരിക്കുകയുണ്ടായി. തുടർന്ന് തുക അനുവദിക്കുന്നതിനായി സിഡ്കോ സമർപ്പിച്ച ഇൻവോയ്സുകൾ മുൻ സർക്കാരിന്റെ അവസാന കാലത്ത് ചേർന്ന മന്ത്രിസഭ പരിശോധിക്കുകയും 25/02/2016 തീയതിയിലെ 8516 നമ്പർ മന്ത്രി സഭായോഗ തീരുമാനപ്രകാരം മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫീസ് നവീകരിച്ച ഇനത്തിൽ ചെലവായ 55,00,000/- (അൻപത്തി അഞ്ച് ലക്ഷം രൂപ) സിഡ്കോയ്ക്ക് അനുവദിച്ചുകൊണ്ടുള്ള തീരുമാനം എടുക്കുകയും ചെയ്തു. എന്നാൽ മുൻ സർക്കാരിന്റെ അവസാന കാലയളവിലെടുത്ത മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിന് രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി മേൽ തീരുമാനം ധനകാര്യ വകുപ്പിന്റെ പുനപരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിച്ചു.

3) ഇക്കാര്യത്തിലുള്ള നിയമ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു,

'കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ 01/01/2016 മുതൽ 30/04/2016 വരെയുള്ള മന്ത്രിസഭായോഗതീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രി സഭാ ഉപസമിതിയുടെ റിപ്പോർട്ട് മന്ത്രിസഭായോഗം അംഗീകരിച്ച പ്രകാരം ഫയലിനാസ്പദമായ വിഷയം പുന:പരിശോധിക്കേണ്ടതായതിനാൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ പരിഗണനയ്ക്കായി ഫയൽ തിരികെ ഭരണ വകുപ്പിന് നൽകാവുന്നതാണ്. ചീഫ് സെക്രട്ടറിയുടെ 29/03/2017 ലെ 63/എസ് സി 1/2017/പൊ.ഭ.വ(എസ്.സി) നമ്പർ കുറിപ്പിലെ നിർദ്ദേശങ്ങളിൽ കൂടി ശ്രദ്ധ ക്ഷണിക്കുന്നു.'

4) ധനകാര്യ വകുപ്പിന്റെ പുന:പരിശോധനയെ തുടർന്നുള്ള അഭിപ്രായം ചുവടെ കണ്ടാലും

"പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് 10,00,000/- രൂപയ്ക്ക് നിർവ്വഹിക്കുവാൻ ഭരണാനുമതി നൽകിയ പ്രവൃത്തി പിന്നീട് മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫീസ് ഇടപെട്ട് യാതൊരു

വിധ സർക്കാർ ഉത്തരവും നേടാതെ 55 ലക്ഷം രൂപയ്ക്ക് SIDCO യെക്കൊണ്ട് പ്രവൃത്തി ചെയ്യിച്ചു. പ്രസ്തുത പ്രവൃത്തി സംതൃപ്തമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന കാര്യം പൊതുഭരണ വകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ ക്രമവിരുദ്ധമായി ഏറ്റെടുത്തു നടത്തിയ പ്രവൃത്തിക്ക് ബിൽ തുക നൽകുന്ന കാര്യം out of agenda ആയി മുൻ സർക്കാരിന്റെ അവസാന കാലത്ത് ക്യാബിനറ്റ് പരിശോധിക്കുകയും മറ്റു വിശദാംശങ്ങൾ ഒന്നും പരിശോധിക്കാതെ അംഗീകാരം നൽകുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടി ക്രമങ്ങൾ ഇവ ഒന്നും പാലിക്കാതെ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ഒരു മരാമത്ത് പ്രവൃത്തിയ്ക്ക് മറ്റു രേഖകൾ ഒന്നും പരിശോധിക്കാതെ payment നൽകാൻ out of agenda ആയി മന്ത്രിസഭാതീരുമാനം കൈക്കൊണ്ടിട്ടുള്ള നടപടി ക്രമപ്രകാരമുള്ളതല്ല എന്നും പ്രസ്തുത തീരുമാനം റദ്ദ് ചെയ്ത് contractor സമർപ്പിച്ചിട്ടുള്ള ബില്ല് PWD യുടെ എഞ്ചിനിയർമാരെക്കൊണ്ട് പരിശോധന നടത്തി PWD റേറ്റ് പ്രകാരം അനുവദനീയമായ തുക മാത്രം അനുവദിക്കുന്നതിന് തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം payment നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

5) പൊതുമരാമത്ത് വകുപ്പ് ഇതിനോടകം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സിവിൽ പ്രവർത്തികൾക്ക് 11,48,848/- രൂപയും ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് 6,94,779/- രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. സിവിൽ പ്രവർത്തികളുടെ തുകയിൽ വർക്ക് സ്റ്റേഷൻ കബോർഡ് തുടങ്ങിയവ ഉൾപ്പെട്ടിട്ടില്ലെന്ന് മനസ്സിലാക്കുന്നു. മേൽ സാഹചര്യത്തിൽ മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫീസ് നവീകരിച്ച ഇനത്തിൽ ചെലവായ Rs.55,00,000/- (അൻപത്തിഅഞ്ചു ലക്ഷം മാത്രം) രൂപ സിഡ്കോ -യ്ക്ക് അനുവദിക്കുന്നതിനുള്ള 25/02/2016 തീയതിയിലെ 8516 നമ്പർ മന്ത്രിസഭായോഗ തീരുമാനം റദ്ദാക്കുന്നതിനും മൊത്തം പ്രവർത്തിയുടെ അനുവദനീയമായ തുക കണക്കാക്കി നൽകുന്നതിന് ധന വകുപ്പിന് കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറെ ചുമതലപ്പെടുത്തുന്നതിനു ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ കരട് മന്ത്രിസഭായോഗക്കുറിപ്പ് സഹിതം സമർപ്പിക്കാൻ പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയങ്ങൾ

1. മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫീസ് നവീകരിച്ച ഇനത്തിൽ ചെലവായ Rs.55,00,000/- (അൻപത്തിഅഞ്ചു ലക്ഷം മാത്രം) രൂപ സിഡ്കോ -യ്ക്ക് അനുവദിക്കുന്നതിനുള്ള 25/02/2016 തീയതിയിലെ 8546 നമ്പർ മന്ത്രിസഭായോഗ തീരുമാനം റദ്ദാക്കാവുന്നതാണോ ;
2. മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫീസിൽ സിഡ്കോ ചെയ്തിട്ടുള്ളതായ നവീകരണ പ്രവൃത്തികളുടെ അനുവദനീയമായ തുക കണക്കാക്കി നൽകുന്നതിന് ധന വകുപ്പിന് കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറെ ചുമതലപ്പെടുത്താമോ?

GOVERNMENT OF KERALA
( PINARAYI VIJAYAN MINISTRY )
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. | File No. | HKCB3/168/2019/GAD |
| 2. | Department | General Administration(House Keeping Cell- B) Department |
| 3. | Subject | Cancellation of Cabinet decision No: 8516 dated 25/02/2016 sanctioning Rs.55,00,000/- to SIDCO for the renovation works carried out in the office of the Home Minister in Shri. Oommen Chandy Ministry |
| 4. | Date of Chief Minister's order for placing before the Council | 25/12/2019 |
| 5. | (i) Does the case involve financial commitments /implications.<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes |
| 7. | Name of Joint Secretary who submitted the Draft Note | Shri.Honey.P |
| 8. | Name of the Principal Secretary who approved the Draft Note | Shri.Bishwanath Sinha |
| 9. | Date of approval of the Draft Note for the Council by the Principal Secretary | 02/12/2019 |
| 10. | Name of the Chief Secretary who approved the Draft Note | Shri.Tom Jose |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 07/12/2019 |
| 12. | Name of the Minister who approved the Draft Note | SHRI. PINARAYI VIJAYAN |
| 13. | Date of approval of the draft Note for the Council by the Minister | 25/12/2019 |
| 14. | Date of submission of fair copies | 03/01/2020 |
| 15. | Date of decision by the Council of Ministers | |
| 16. | Number and date of the G.O/letter communicating the decision. | |

<u>Note for the Council of Ministers</u>

This note seeks the approval of Council of Ministers for revoking the approval in Cabinet decision No: 8516 dated 25/02/2016 sanctioning **Rs.55,00,000/- (Rupees Fifty Five Lakhs Only)** to SIDCO for the renovation works carried out in the office of the Home Minister in Shri. Oommen Chandy Ministry.

2) Renovation works was carried out in the office of the former Minister for Home ( Room No: 130 of North Block 2nd floor ) in Government Secretariat, through SIDCO with out obtaining approval from General Administration Department. In the meeting of Council of Ministers held on 25/02/2016, it was decided to grant Rs 55,00,000/- (Rupees Fifty Five Lakhs Only) to SIDCO by considering the invoices submitted by them, vide item No.8516. Later the cabinet sub committee constituted to review the decisions taken during the last period of the previous Government directed to examine the matter by Finance Department and Law Department

3) Remarks tendered by the Law Department in this regard is extracted below;

'കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ 01/01/2016 മുതൽ 30.04.2016 വരെയുള്ള മന്ത്രിസഭായോഗതീരുമാനങ്ങൾ പുന:പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രി സഭാ ഉപസമിതിയുടെ റിപ്പോർട്ട് മന്ത്രിസഭായോഗം അംഗീകരിച്ച പ്രകാരം ഫയലിനാസ്പദമായ വിഷയം പുന:പരിശോധിക്കേണ്ടതായതിനാൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ പരിഗണനയ്ക്കായി ഫയൽ തിരികെ ഭരണ വകുപ്പിന് നൽകാവുന്നതാണ്. ചീഫ് സെക്രട്ടറിയുടെ 29/03/2017 ലെ 63/എസ്/സി 1/2017/പൊ.ഭ.വ(എസ്.സി) നമ്പർ കുറിപ്പിലെ നിർദ്ദേശങ്ങളിൽ കൂടി ശ്രദ്ധ ക്ഷണിക്കുന്നു.'

4) The remarks of the Finance Department is reproduced, below;

"പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് 10,00,000 രൂപയ്ക്ക് നിർവ്വഹിക്കുവാൻ ഭരണാനുമതി നൽകിയ പ്രവൃത്തി പിന്നീട് മുൻ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫീസ് ഇടപെട്ട് യാതൊരു വിധ സർക്കാർ ഉത്തരവും നേടാതെ 55 ലക്ഷം രൂപയ്ക്ക് SIDCO യെക്കൊണ്ട് പ്രവൃത്തി ചെയ്യിച്ചു. പ്രസ്തുത പ്രവൃത്തി സംതൃപ്തമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന കാര്യം പൊതുഭരണ വകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല . ഇത്തരത്തിൽ ക്രമവിരുദ്ധമായി ഏറ്റെടുത്തു നടത്തിയ പ്രവൃത്തിക്ക് ബിൽ തുക നൽകുന്ന കാര്യം out of agenda ആയി മുൻ സർക്കാരിന്റെ അവസാന കാലത്ത് ക്യാബിനറ്റ് പരിശോധിക്കുകയും മറ്റു വിശദാംശങ്ങൾ ഒന്നും പരിശോധിക്കാതെ അംഗീകാരം നൽകുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടി ക്രമങ്ങൾ ഇവ ഒന്നും പാലിക്കാതെ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ഒരു മരാമത്ത് പ്രവൃത്തിയ്ക്ക് മറ്റു രേഖകൾ ഒന്നും പരിശോധിക്കാതെ payment നൽകാൻ out of agenda ആയി മന്ത്രിസഭാതീരുമാനം കൈക്കൊണ്ടിട്ടുള്ള നടപടി ക്രമപ്രകാരമുള്ളതല്ല എന്നും പ്രസ്തുത തീരുമാനം റദ്ദ് ചെയ്ത് contractor സമർപ്പിച്ചിട്ടുള്ള ബില്ല് PWD യുടെ എഞ്ചിനിയർമാരെക്കൊണ്ട് പരിശോധന നടത്തി PWD റേറ്റ് പ്രകാരം അനുവദനീയമായ തുക മാത്രം അനുവദിക്കുന്നതിന് തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം payment നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

5.As per the report already submitted by the Public Works Department, the civil works amounts to Rs.11,48,848/- and electrical works to Rs. 6,94,779/-. It is understood that the cost of workstations, cupboards etc.. has not been calculated by PWD. Therefore, file was submitted for the cancellation of cabinet decision No.8516 dated 25/02/2016, sanctioning Rs.55,00,000/- (Rupees Fifty Five Lakh Only) to SIDCO for the renovation works carried out in the office of the former Home Minister and also to authorise the Chief Technical Examiner under Finance Department to calculate the admissible amount of the total work done by

SIDCO. Then the Principal Secretary, General Administration Department ordered to submit draft notes for placing before the Council of Ministers

**Points for Decision**

1) Whether the Cabinet decision No: 8516 dated 25/02/2016 sanctioning Rs.55,00,000/- (Rupees Fifty Five Lakh Only) to SIDCO for the renovation works carried out in the office of the former Minister for Home may be cancelled;

2)Whether the Chief Technical Examiner under Finance Department may be authorised to calculate the admissible amount of the total work done by SIDCO in the Office of the former Minister for Home ?